# സംസ്കൃതസാഹിത്യകൃതികളിലെ ആയുർവേദപരാമർശങ്ങൾ

ഡോ. കെ.ജി.പൗലോസ്

അരോഗദൃഢമായ ഒരു സമൂഹത്തെ സൃഷ്ടിക്കുകയാണ് വൈദ്യശാസ്ത്രത്തിന്റെ ലക്ഷ്യം. രണ്ടു തരത്തിലാണാമയങ്ങൾ – ശരീരത്തിനും മനസ്സിനും. ശരീരരോഗങ്ങളെ അകറ്റാനാണ് ഔഷധങ്ങൾ. മനസ്സിനെ പുഷ്ടിപ്പെടുത്താനുള്ള ഉപാധികൾ ശാസ്ത്രവും സാഹിത്യവുമാണ്. കയ്പേറിയ വഴി ശാസ്ത്രത്തിന്റേയും സുകുമാരമായത് സാഹിത്യത്തിന്റേയും എന്നാണിവയ്ക്കു തമ്മിലുള്ള ഭേദം.

കടുകൗഷധവത് ശാസ്ത്രം
അവിദ്യാവ്യാധി നാശനം
ആഹ്ലാദി അമൃതവത് കാവ്യം
അവിവേകഗദാപഹം

ശാസ്ത്രവും കാവ്യവുമൊക്കെ ഒരുതരം ചികിത്സകൾ തന്നെ.

## I

താത്ത്വികതലങ്ങളിലൊതുങ്ങുന്ന ശാസ്ത്രങ്ങളെ ശുദ്ധശാസ്ത്രങ്ങൾ എന്ന് വിളിക്കാം. പ്രവൃത്തിയിലേയ്ക്ക് പ്രയോജനപ്പെടുന്നവയെ പ്രയുക്തശാസ്ത്രങ്ങൾ എന്നും. സമൂഹത്തിൽ എക്കാലത്തും അധീശത്വമുണ്ടാകുന്നത് ശുദ്ധശാസ്ത്രങ്ങൾക്കാകും. ഫലപ്രദമായി ഒന്നു ചെയ്യേണ്ട എന്നതാണിതിന് കാരണം. പ്രയുക്തശാസ്ത്രങ്ങൾ അങ്ങനെയല്ല. കായികവൃത്തിയിൽ ഏർപ്പെടുന്നവരെ തരംതാണവരെന്ന് പ്രവൃത്തിയെടുക്കാതെ ഫലമനുഭവിക്കാനാഗ്രഹിച്ചവർ വിളിച്ചു.

അവിദ്യശ്ചിത്രകാരശ്ച വൈദ്യോ നക്ഷത്രപാഠകഃ
ചതുർവിപ്രാ ന പൂജ്യന്തേ ബൃഹസ്പതിസമാ അപി

എന്നാണ് സ്മൃതിഗ്രന്ഥങ്ങൾ പറയുന്നത്. വൈദ്യന്, അതുകൊണ്ട്, സമൂഹത്തിൽ ഉയർന്ന നില കിട്ടിയിരുന്നില്ല. വൈദ്യശാസ്ത്രത്തിനും ഇതുതന്നെയായിരുന്നു അവസ്ഥ. വൈദ്യം പ്രതിപാദിക്കുന്ന അഥർവവേദം പുണ്യത്രയിയിൽപ്പെടുത്തിയിരുന്നില്ല. അശ്വനീദേവകൾക്ക് അവർ വൈദ്യഭിഷക്കുകളായിരുന്നതുകൊണ്ട് യജ്ഞഭാഗംവരെ നിഷേധിച്ചിരുന്നു. ഒടുവിൽ ച്യവനനെക്കൊണ്ടൊരു യാഗം ചെയ്യിച്ച് വളരെ കഷ്ടപ്പെട്ടിട്ടാണ് അവർക്ക് യജ്ഞഭാഗത്തിനുള്ള അധികാരം തിരിച്ചുകിട്ടിയത്.

പ്രാചീനഭാരതത്തിൽ വൈദ്യശാസ്ത്രത്തിന് അഭ്യർഹിതമായ സ്ഥാനം നൽകിയത് ബൌദ്ധന്മാരാണ്. ബൗദ്ധചിന്തയിലന്തർഭവിച്ച കാരുണ്യമാണതിന് കാരണം. ആശുപത്രികൾ, മനുഷ്യർക്കും മൃഗങ്ങൾക്കും ആദ്യമായി ആരംഭിച്ചത് അശോകനാണ്. നളന്ദ, തക്ഷശില സർവകലാശാലകൾ ബൌദ്ധരുടെ നേതൃത്വത്തിലാണ് പ്രവർത്തിച്ചിരുന്നത്. അവിടെ നടന്ന ആയുർവേദപഠനങ്ങളെപ്പറ്റിയുള്ള വിവരണങ്ങൾ പ്രസിദ്ധങ്ങളാണല്ലോ. ജീവകൻ തക്ഷശിലയിലെ വിദ്യാർത്ഥി ആയിരുന്നു.

കേരളത്തിലും ആയുർവേദം പ്രചരിച്ചത് ബൗദ്ധരിലൂടെ ആയിരിക്കാനാണ് സാദ്ധ്യത. ചാതുർവർണ്യത്തിൽപ്പെടാത്തവരാണ് ഇവിടുത്തെ ആരോഗ്യകാര്യങ്ങൾ നിർവഹിച്ചിരുന്നത്. ഈഴവർ, വേലർ തുടങ്ങിയവരാണ് പ്രസവം, ബാലചികിത്സ തുടങ്ങിയ കാര്യങ്ങൾക്കെല്ലാം നേതൃത്വം നൽകിയിരുന്നത്. ബൗദ്ധനായ വാഗ്ഭടന്റെ അഷ്ടാംഗഹൃദയമാണ് കേരളത്തിൽ പ്രചാരമുള്ള വൈദ്യഗ്രന്ഥമെന്നത് യാദൃച്ഛികമല്ല. ഈ പാരമ്പര്യത്തെ അഷ്ടവൈദ്യന്മാരും അംഗീകരിച്ചിരുന്നു.

## II

ആരോഗ്യമെന്നത് ഒരവസ്ഥയാണ്. പ്രസന്നതയാണ് അതിന്റെ ലക്ഷണം.

സമദോഷഃ സമാഗ്നിശ്ച
സമധാതു മലക്രിയഃ
പ്രസന്നാത്മേന്ദ്രിയമനാഃ
സ്വസ്ഥ ഇത്യഭിധീയതേ

രോഗമില്ലായ്മ മാത്രമല്ല ആരോഗ്യം എന്നതിന്നർത്ഥം. ഇത് തികച്ചും ഭൗതികമായ സാഹചര്യങ്ങളാൽ ഉണ്ടാകുന്നതാണ്. പ്രകൃതിയോട് ഇണങ്ങിജീവിക്കുക എന്നത് തന്നെയാണ് ഏറ്റവും പ്രധാനമായി കണക്കാക്കേണ്ടത്. സാംഖ്യദർശനത്തിന്റെ പ്രകൃതിസങ്കല്പവും ത്രിഗുണങ്ങളുടെ സമവിഷമാവസ്ഥകളേക്കുറിച്ചുള്ള വിവരണവും ഇതിന് ദാർശനികമായ അടിത്തറ നൽകുന്നു.

സംസ്കൃതത്തിലെ ദർശനങ്ങളിൽ മാത്രമല്ല, സാഹിത്യത്തിലും ആയുർവേദം അതിന്റെ സജീവസാന്നിദ്ധ്യം തെളിയിച്ചിട്ടുണ്ട്. ചിലപ്പോൾ ബിംബങ്ങളായി, മറ്റുചിലപ്പോൾ പ്രസ്താവനകളായി, അല്ലെങ്കിൽ പൊതുതത്ത്വമെന്ന നിലയിൽ.

അശ്വഘോഷൻ സൗന്ദരാനന്ദത്തിൽ ബുദ്ധനെ വൈദ്യനോടുപമിക്കുന്നുണ്ട്.

യഥാ ഭിഷക് പിത്തകഫാനിലാനാം
യ ഏവ കോപം സമുപൈതി ദോഷഃ
ശമായ തസ്യൈവ വിധിം വിധത്തേ
വ്യാധത്ത ദോഷേഷു തഥൈവ ബുദ്ധഃ

അഷ്ടാംഗഹൃദയത്തിന്റെ മംഗളശ്ലോകത്തിൽ വാഗ്ഭടനും ബുദ്ധനെ അപൂർവവൈദ്യൻ എന്ന് പ്രകീർത്തിക്കുന്നുണ്ട്.

രാഗാദിരോഗാൻ സതതാനുഷക്താൻ
അശേഷകായപ്രസൃതാനശേഷാൻ
ഔത്സുക്യമോഹാരതിതാൻ ജഘാന
യോഽപൂർവവൈദ്യായ നമോഽസ്തു തസ്മൈ

കാളിദാസകൃതികളിലുടനീളം ആയുർവേദത്തിന്റെ കിരണങ്ങൾ ചിതറിക്കിടക്കുന്നതു കാണാം. ‘ശരീരമാദ്യം ഖലു ധർമ്മസാധനം’ എന്നത് ബ്രഹ്മചാരിയുടെ വായിൽനിന്നാണ് പുറപ്പെട്ടതെങ്കിലും വൈദ്യന്റെ മുഖത്താണ് അധികം യോജിക്കുക. അതുൾക്കൊള്ളുന്ന ആശയലോകം വളരെ വലുതാണ്. തികഞ്ഞ ഭൗതികതയുടെ സ്വരമാണ് അതുയർത്തുന്നത്.

താരകാസുരന്റെ അതിക്രമങ്ങളെപ്പറ്റി ബ്രഹ്മാവിനോട് ദേവന്മാർ പരാതി പറയുമ്പോൾ അവരുടെ ചുണ്ടിലുയരുന്നത് ആയുർവേദത്തിൽനിന്നുള്ള ഒരുപമയാണ്.

തസ്മിന്നുപായഃ സർവേ നഃ
ക്രൂരേ പ്രതിഹൃതക്രിയഃ
വീര്യവന്ത്യൗഷധാനീവ
വികാരേ സാന്നിപാതികേ

മൂന്നു ദോഷങ്ങളും കോപിച്ചാലുള്ള അവസ്ഥയാണ് സന്നിപാതം. (സംസർഗ്ഗഃ സന്നിപാതശ്ച തദ്വിത്രക്ഷയ കോപതഃ)

മാളവികാഗ്നിമിത്രത്തിൽ വിദൂഷകന് സർപ്പദംശമേൽക്കുമ്പോൾ നിർദ്ദേശിക്കുന്ന പരിഹാരമാർഗ്ഗങ്ങൾ ഈ രംഗത്ത് കവിക്കുള്ള പരിചയം വ്യക്തമാക്കുന്നു.

ഛേദോ ദംശസ്യ ദാഹോ വാ
ക്ഷതേർവാ രക്തമോക്ഷണം
ഏതാനി ദഷ്ടമാത്രാണാ-
മായുഷ്യാഃ പ്രതിപത്തയഃ

വിശേഷിച്ച് ഉദകുംഭവിധാനത്തെപ്പറ്റിയുമിവിടെ സൂചനയുണ്ട്. മൺകലത്തിൽ സൂക്ഷിച്ച മരുന്നു കലർത്തിയ ജലം തളിച്ച് വിഷനിവൃത്തി വരുത്തുന്ന രീതിയാണിത്.

പഞ്ചകർമ്മചികിത്സയെക്കുറിച്ച് കാളിദാസന് അറിവുണ്ടായിരുന്നുവോ എന്ന് നമുക്കറിഞ്ഞുകൂടാ. ഏതായാലും യക്ഷന്റെ വാക്കുകളിൽ അതിന്റെ സൂചനയുണ്ട്.

തസ്യാസ്തിക്തൈർ വനഗജമദൈർ വാസിതം വാന്തവൃഷ്ടിഃ
ജംബൂ കുഞ്ജപ്രതിഹതരയം തോയമാദായ ഗച്ഛേഃ
അന്തഃസാരം ഘന തുലയിതും നാനിലഃ ശക്ഷ്യസി ത്വാം
രിക്തഃ സർവോ ഭവതി ഹി ലഘു പൂർണ്ണതാ ഗൗരവായ

കേരളീയനായ വിദ്യുല്ലതാ വ്യാഖ്യാതാവാണ് ഇതിൽ പഞ്ചകർമ്മത്തെ കാണുന്നത്.

അയമത്ര സമാധിഃ – കൃതവമനശുദ്ധിഃ പുരുഷഃ ശേഷദോഷോപശോഷണാർത്ഥം തിക്തകഷായവസിതം ലഘുജലം പിബതി. പശ്ചാത് ബലവതോഽസ്യ വായുരപി ന കുപ്യതി. അത്ര വാഗ്ഭടഃ –

കഷായാശ്ച ഹിമാസ്തസ്യ വിശുദ്ധശ്ലേഷ്മണോ ഹിതാഃ
കിമു തിക്താ കഷായാ വാ യേ നിസർഗാത് കഫാപഹാഃ

മാഘന്റെ അടുത്തെത്തുമ്പോൾ രസായനചികിത്സയുടെ മുഖ്യപ്രയോജനമാണ് ലഭിക്കുക.

ഷാഡ്ഗുണ്യമുപയുഞ്ജീത
ശക്ത്യപേക്ഷാ രസായനം
ഭവന്ത്യസ്യൈവങ്ഗാനി
സ്ഥാസ്നൂ ഹി ബലവന്തി ഹി

ഉദാഹരണങ്ങൾ നീട്ടുന്നില്ല. ആയുർവേദത്തിന്റെ പ്രാധാന്യവും നിത്യജീവിതത്തിലതിനുണ്ടായിരുന്ന സ്വാധീനവും വെളിവാക്കുന്ന ധാരാളം പരാമർശങ്ങൾ സാഹിത്യകൃതികളിൽ ചിതറിക്കിടക്കുന്നു.

## III

വൈദ്യശാസ്ത്രത്തോടുണ്ടായിരുന്ന ബഹുമാനം അതുപോലെ വൈദ്യന്മാരോടുണ്ടായിരുന്നു എന്ന് പറഞ്ഞുകൂടാ. പലപ്പോഴും വൈദ്യന്മാർ പരിഹാസപാത്രങ്ങളായിട്ടാണ് പ്രത്യക്ഷപ്പെടുന്നത്. ഏറ്റവും പഴയ പ്രഹസനങ്ങളിലൊന്നാണ് ഭഗവദജ്ജുകം. സർപ്പദംശമേറ്റ നായികയുടെ വിഷമിറക്കാൻ വരുന്ന വൈദ്യൻ ആരുടേയും സഹതാപം അർഹിക്കുന്ന ഒരു പാത്രമാണ്. വലിയ വെപ്രാളമാണയാൾക്ക്. സുന്ദിരഗുളികകളും മന്ത്രവാദക്കൂട്ടുമൊക്കെയായി രംഗം കൊഴുപ്പിക്കുന്നതിനിടയിലാണ് യോഗിയുടെ ചില ചോദ്യങ്ങൾ. പ്രമാണം കിട്ടുന്നില്ലെന്ന് മാത്രമല്ല ഉദ്ധരിച്ച ശ്ലോകം മുഴുവനാക്കാൻ കഴിയാതെ ഗ്രന്ഥം തേടി ഓടേണ്ടിവരികയും ചെയ്തു, അയാൾക്ക്.

ഈ വൈദ്യനെ നാടകത്തിലെ ശിഷ്യനായ ശാണ്ഡില്യന് നന്നായി ഇഷ്ടപ്പെട്ടു. കാരണം ഇരുവരും ഒരേപോലെയാണ്; ഒന്നുമറിയില്ല. വയറ്റുപ്പിഴപ്പിനായിട്ടാണ് വേഷം കെട്ടി ഇറങ്ങിയിരിക്കുന്നത്.

13–14 നൂറ്റാണ്ടുകളിൽ കേരളത്തിലെ കൂടിയാട്ടവേദികളിൽ വളരെ പ്രചാരമുണ്ടായിരുന്ന നാടകമായിരുന്നു ഭഗവദജ്ജുകം. അതുകൊണ്ടാണോ എന്നറിയില്ല, വൈദ്യന്മാരെ ഇത്രയധികം പരിഹസിക്കുന്ന മറ്റൊരു കലാരൂപം വേറെയില്ല. 15–ാം നൂറ്റാണ്ടിലെ നാടാങ്കുശകാരനുപോലും ഈ പരിഹാസം പൊറുക്കാവുന്നതിലുമധികമായിരുന്നു.

ഒരു വൈദ്യൻ അടുത്ത ഗ്രാമത്തിലേയ്ക്ക് വഴിനടന്നു പോകുകയായിരുന്നു. അപ്പോൾ അല്പമകലെ ഒരു ചിതയെരിയുന്നതു കണ്ടു. ബന്ധുക്കൾ ദുഃഖിതരായി ചുറ്റും നിൽക്കുകയാണ്. അപ്പോൾ വൈദ്യന്റെ ആലോചന ഇതായിരുന്നു.

ചിതാം പ്രജ്വലിതാം ദൃഷ്ട്വാ
വൈദ്യോ വിസ്മയമാഗതഃ
നാഹം ഗതോ ന മേ ഭ്രാതാ
കസ്യേദം ഹസ്തലാഘവം?

ചാക്യാർ വൈദ്യനെ വന്ദിക്കുന്നതിങ്ങനെയാണ്:

വൈദ്യഃ ക്രൂരോ യമഃ ക്രൂരഃ
യമാത് ക്രൂരതരോ ഭിഷക്
യമഃ പ്രാണാൻ ഹരത്യേവ
വൈദ്യസ്തു സ്വസൂനസൂൻ

വൈദ്യനാഥ നമസ്തുഭ്യം
ക്ഷാപിതാശേഷമാനവ
ത്വയി വിന്യസ്തഭാരോയം
കൃതാന്തഃ സ്വയമേധതേ

വൈദ്യന്മാരെ ചാക്യാന്മാർ ഇത്രയേറെ പരിഹസിക്കാൻ കാരണമെന്തായാവാം?

കപടവൈദ്യന്മാരുടെ ആധിക്യമാവാം ഒരു കാരണം. ഒരു ഗ്രാമത്തിലുള്ളവർക്കെല്ലാം ഒരുപോലെ സുപരിചിതനായിരുന്നു വൈദ്യൻ എന്നത് മറ്റൊരു കാരണമാവാം. പരിഹസിച്ചുപറയുന്ന കാര്യങ്ങൾ ഓരോരുത്തർക്കും അനുഭവപ്പെട്ടിട്ടുള്ളവയാകെക്കൊണ്ട് ആസ്വാദ്യത ഏറിയിട്ടുണ്ടാകാം.

വൈദ്യന്മാരുടെ പൊതുവായ സ്വഭാവത്തെ ഗൗരവമായിത്തന്നെ സ്വന്തം പ്രവൃത്തിക്ക് കൂട്ടുപിടിക്കുന്നുണ്ട് മഹിമഭട്ടൻ.

സ്വകൃതിഷ്വനിയന്ത്രിതഃ കഥമനുശിഷ്യാദന്യമിതി ന വാച്യം
വാരയതി ഭിഷക് പഥ്യാത് ഇതരാൻ സ്വയമചരന്നപി തത്

ഒരു സരസശ്ലോകമുദ്ധരിച്ചുകൊണ്ട് ഈ പ്രകരണം അവസാനിപ്പിക്കാം.

അഷ്ടാംഗഹൃദയവ്യാഖ്യേ
നിന്നെക്കാണാഞ്ഞുഴന്നു ഞാൻ
മഞ്ഞളെല്ലാം വയമ്പായി
കർപ്പൂരം കൊടുവേലിയായ്

അല്ലയോ, അഷ്ടാംഗഹൃദയവ്യാഖ്യാനമേ, നിന്നെ കാണാതെ ഞാൻ ഉഴലുന്നു. മരുന്നെല്ലാം മാറിപ്പോകുന്നു. മഞ്ഞൾ വയമ്പായും കർപ്പൂരം കൊടുവേലിയായും തെറ്റിപ്പോകുന്നു.

ഇതിലൊരു കുസൃതിയുണ്ട് – അല്ലയോ സർവ്വാംഗസുന്ദരീ, നിന്റെ വിരഹം എന്നെ വേദനിപ്പിക്കുന്നു. രാത്രി ദുസ്സഹമായിരിക്കുന്നു. ചന്ദ്രനെ അഗ്നിയായി തോന്നുന്നു. വിരഹം അത്രയ്ക്ക് അസഹ്യമായിരിക്കുന്നു.

ആ രസികൻ ഈ സൂത്രം പറ്റിച്ചതിങ്ങനെയാണ് – രാത്രിയുടെ പേരെല്ലാം സംസ്കൃതത്തിൽ മഞ്ഞളിന്റെ പര്യായങ്ങളാണ്. വയമ്പിന് ഉഗ്രാ എന്ന് പര്യായമുണ്ട് (മഞ്ഞൾ വയമ്പായി = രാത്രി ഉഗ്രയായി). കർപ്പൂരത്തിന് ചന്ദ്രന്റേയും കൊടുവേലിക്ക് അഗ്നിയുടേയും പേരുകൾ പര്യായങ്ങളാണ്. (കർപ്പൂരം കൊടുവേലിയായി = ചന്ദ്രൻ അഗ്നിയായി) ഇതാണ് സർവ്വാംഗസുന്ദരി ഉണ്ടാക്കിയ കുഴപ്പം!

ഗൗരവമായ ഒരു ചോദ്യം ഇവിടെ ഉന്നയിക്കേണ്ടതുണ്ട് – ആയുർവേദത്തിന് ഏറ്റവും പ്രചാരമുള്ള പ്രദേശമാണ് കേരളം. ആരോഗ്യനികേതനം പോലൊരു നോവലൊ ജീവൻ മശായിയേപ്പോലൊരു വൈദ്യനോ എന്തുകൊണ്ട് മലയാളത്തിൽ ഉണ്ടായില്ല?

---

**ഡോ. കെ. ജി. പൗലോസ്**
*വൈസ് ചാൻസലർ*
**കേരള കലാമണ്ഡലം കല്പിത സർവകലാശാല**
വള്ളത്തോൾ നഗർ, ചെറുതുരുത്തി പി.ഒ., തൃശ്ശൂർ ജില്ല, പിൻ: 679 531
ഫോൺ: 04884 263440 (ഓഫീസ്), 04884 264477 (വീട്), മൊ: 9846041205
E-mail: info@kalamandalam.org., kgpaulose@gmail.com
Website: www.kalamandalam.org.